‘മുസ്ലിം സ്ത്രീകളെ ഇസ്ലാമോഫോബിയ ടൂൾ ആക്കരുതെന്ന്’

● ഹരിപ്പാട് സംഘടിപ്പിച്ച 'പ്രവാചക ദർശനവും പുതുലോകവും' എന്ന വിഷയത്തിലെ ചർച്ചാസംഗമത്തിൽ രമ്യ ഹരിദാസ് എം.എൽ.എ. മുഖ്യ പ്രഭാഷണം നടത്തുന്നു.

ഹരിപ്പാട്: സമകാലിക കേരളത്തിൽ മുസ്ലിം സ്ത്രീകളെ മുൻനിർത്തി നടക്കുന്ന ചർച്ചകളും വിവാദങ്ങളും സമൂഹത്തിൽ ഇസ്ലാമോഫോബിയ വളർത്താനുള്ള ബോധപൂർമായ ശ്രമങ്ങളാണെന്ന് ജമാഅത്തെ ഇസ്ലാമി ഹിന്ദ് വനിതാ വിഭാഗം. 'വെളിച്ചമാണ് തിരുദൂതർ' പ്രചാരണ പരിപാടികളുടെ ഭാഗമായി ഹരിപ്പാട് സംഘടിപ്പിച്ച 'പ്രവാചക ദർശനവും പുതുലോകവും' എന്ന വിഷയത്തിലെ ചർച്ചാ സംഗമത്തിലാണ് സംഘാടകർ നിലപാട് വ്യക്തമാക്കിയത്. കാന്തപുരം അബൂബക്കർ മുസ്ലിയാർ സ്ത്രീകളുടെ പൊതുഇടപെടലുകളുമായി ബന്ധപ്പെട്ട് നടത്തിയ അഭിപ്രായപ്രകടനങ്ങൾ പുതിയ സംഭവവികാസമല്ലെന്നും മുൻപും ഇത്തരം സമീപനങ്ങൾ അവർ സ്വീകരി ച്ചിട്ടുണ്ടെന്നും ഉദ്ഘാടന പ്രഭാഷണത്തിൽ ജമാഅത്തെ ഇസ്ലാമി വനിതാ വിഭാഗം സംസ്ഥാന പ്രസിഡന്റ് സാജിത പി.ടി.പി പറഞ്ഞു. സ്ത്രീകളുടെ അവകാശങ്ങൾ ഇസ്ലാമിക പ്രമാണങ്ങളിൽ സുരക്ഷിതമാണ്.

ഇത്തരം വിഷയങ്ങളിൽ സമൂഹത്തെയും സമുദായത്തെയും ശരിയായ രീതിയിൽ ഉത്ബുദ്ധരാക്കാൻ സമുദായ നേതൃത്വത്തിന് കഴിയേണ്ടതുണ്ടെന്നും അവർ കൂട്ടിച്ചേർത്തു. സ്ത്രീകളുടെ സംരക്ഷകരെന്ന ഭാവേന എത്തുന്നവർ ഇസ്ലാമിനെയും മുസ്ലിം സ്ത്രീകളെയും മതാഖ്യാനങ്ങൾക്ക് വിരുദ്ധമായി പുനർനിർവചിക്കാമെന്ന വ്യാമോഹത്തിലാണ് പ്രവർത്തിക്കുന്നത്.

ഇസ്ലാമിക ധാർമിക സദാചാര കാഴ്ചപ്പാടുകളെ തകർക്കാനുള്ള നീക്കങ്ങളെ സമൂഹം തിരിച്ചറിയണമെന്നും അവർ വ്യക്തമാക്കി. സ്ത്രീകളുടെ സാമൂഹിക മുന്നേറ്റത്തെയും അവകാശങ്ങളെയും തടഞ്ഞുനിർത്താൻ ആർക്കും സാധിക്കില്ലെന്നും വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന ജനാധിപത്യപരമായ പൊതുമണ്ഡലമാണ് കാലഘട്ടം ആവശ്യപ്പെടുന്നതെന്നും മുഖ്യാതിഥിയായി സംസാരിച്ച രമ്യ ഹരിദാസ് എം.എൽ.എ. അഭിപ്രായപ്പെട്ടു.

സാമ്പത്തിക സ്വാതന്ത്ര്യം നേടിയെടുക്കാൻ സ്ത്രീകൾ മുന്നോട്ടുവരണമെന്നും നമ്മെ തകർക്കാൻ ശ്രമിക്കുന്ന ആളുകളുടെ മുന്നിൽ ആർജവത്തോടെ എഴുന്നേറ്റു നിൽക്കാനും ചരിത്രത്തിൽ സ്വന്തം ഇടങ്ങൾ അടയാളപ്പെടുത്താനും ഓരോരുത്തരും ശ്രമിക്കണമെന്നും രമ്യ ഹരിദാസ് കൂട്ടിച്ചേർത്തു. സംസ്ഥാന വൈസ് പ്രസിഡന്റ് കെ. ടി. നസീമ അധ്യക്ഷത വഹിച്ചു. ജമാഅത്തെ ഇസ്ലാമി ഹിന്ദ് വനിതാ വിഭാഗം കേരള സെക്രട്ടറി അഫീദ അഹ്മദ് വിഷയാവതരണം നടത്തി.

മഹിളാ കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി ഷീബ രാമചന്ദ്രൻ,റിട്ട. ബ്ലോക്ക് ഡിവലപ്മെന്റ് ഓഫീസർ സി. സൈരന്ധ്രി , സംസ്ഥാന കർഷക അവാർഡ് ജേതാവ് വി. വാണി, കവയിത്രി റിട്ട. പ്രഫ. അമൃത, സാഹിത്യ കാരി കെ.എ. ദർശിനി, എഴുത്തുകാരി അബു ജുമൈല എന്നിവർ ചർച്ചയിൽ പങ്കെടു ത്തു. സമിതി അംഗം ആയിശ ഹബീബ് സമാപന പ്രസംഗം നിർഹിച്ചു. ജനറൽ സെക്രട്ടറി റജീന ബീഗം സ്വാഗതവും ആലപ്പുഴ ജില്ലാ പ്രസിഡന്റ് പ്യാരിജാൻ നന്ദിയും പറഞ്ഞു.

മൂന്നു പതിറ്റാണ്ട് കടന്ന ലഹരിവിരുദ്ധ പോരാട്ടവുമായി ഡോ. കെ. വേണുഗോപാൽ

● ഡോ.കെ.വേണുഗോപാൽ

ആലപ്പുഴ: ശ്വാസകോശ വിദഗ്ധനായ ഡോ. കെ. വേണുഗോപാലിന്റെ ലഹരിവിരുദ്ധ പോരാട്ടം മൂന്നു പതിറ്റാണ്ട് പിന്നിടുന്നു. 1996 മെയ് മാസം ജില്ലാ ടി.ബി. ഓഫീസറായി ചുമതലയേറ്റതു മുതൽ പുകയിലയ്ക്കും മറ്റ് ലഹരിവസ്തുക്കൾക്കുമെതിരെ നിരന്തരമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന അദ്ദേഹം പൊതുമേഖലാ ബാങ്കുകൾ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ്, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ ധനസഹായത്തോടെയായിരുന്നു പ്രധാനമായും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ആലപ്പുഴ ജനറൽ ആശുപത്രിയിലെ ഒ.എസ്.ടി ലഹരി വിമോചന കേന്ദ്രത്തിന്റെ സ്ഥാപക നോഡൽ ഓഫീസറായ അദ്ദേഹം ജനറൽ ആശുപത്രിയിലെയും ജില്ലാ ടി.ബി. സെന്ററിലെയും പുകയില വിമോചന കേന്ദ്രങ്ങളുടെ ചുമതലയും വഹിച്ചിട്ടുണ്ട്. ഡൽഹി എയിംസിന്റെ നേതൃത്വത്തിൽ പരിശീലനം നേടിയിട്ടുള്ള വേണുഗോപാൽ 50-ലേറെ പുകയിലജന്യ രോഗ ക്യാമ്പുകൾക്ക് നേതൃത്വം നൽകി. ആരോഗ്യവകുപ്പ്, പോലീസ് സേന, വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ നിരവധി ലഹരി വിമോചന ക്ലാസുകളും നയിച്ചു. 2016 മുതൽ നാഷണൽ ടൊബാക്കോ കൺട്രോൾ പ്രോഗ്രാമിന്റെ ജില്ലാതല നോഡൽ ഓഫീസറായി പ്രവർത്തിക്കുന്നു. പുകയില വിരുദ്ധ ഗവേഷണ പ്രബന്ധങ്ങൾ ദേശീയ-അന്തർദേശീയ തലത്തിൽ അവതരിപ്പിച്ച് അവാർഡുകളും നേടിയിട്ടുണ്ട്.

● ആലപ്പുഴ ജനറൽ ആശുപത്രിയിൽ സംഘടിപ്പിച്ച ദേശീയ നേത്രദാന പക്ഷാചരണം ഉദ്ഘാടനം ജി. സുധാകരൻ എം.എൽ.എ നിർവഹിക്കുന്നു.

ദേശീയ നേത്രദാന പക്ഷാചരണം: ജി. സുധാകരൻ ഉദ്ഘാടനം ചെയ്തു

ആലപ്പുഴ: ജനറൽ ആശുപത്രിയിൽ സംഘടിപ്പിച്ച ദേശീയ നേത്രദാന പക്ഷാചരണം അമ്പലപ്പുഴ എം.എൽ.എ ജി. സുധാകരൻ ഉദ്ഘാടനം ചെയ്തു. യുവജനങ്ങളെ അന്ധതാ നിവാരണ ബോധവൽക്കരണ പരിപാടികളുടെ മുൻനിരയിൽ കൊണ്ടുവരിക എന്ന സന്ദേശം എം.എൽ.എ നൽകി. ആലപ്പുഴ നഗരസഭ ചെയർപേഴ്സൺ മോളി ജേക്കബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആശുപത്രി സൂപ്രണ്ട് ഡോ.രാജൻ കെ.ആർ. സ്വാഗതവും ആലപ്പുഴ നഗരസഭ ഉപാധ്യക്ഷൻ ജോസ് ചെല്ലപ്പൻ നേത്രദാന പ്രതിജ്ഞയും ചൊല്ലി. നഗരസഭാ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എ.എം നൗഫൽ നേത്രദാന സന്ദേശം നൽകി. വാർഡ് കൗൺസിലർ എ.എസ്. കവിത സമ്മതപത്രം സ്വീകരിച്ചു. ഡോ സി.ബി മഞ്ജു നേത്രദാന ബോധവൽക്കരണ ക്ലാസ് നയിച്ചു. തുടർന്ന് ഒപ്റ്റോമെട്രി സ്റ്റ് ട്രെയിനീസിന്റെ ഫ്ളാഷ് മോബും സ്കിറ്റ് അവതരിപ്പിച്ചു.

ചീഫ് കൺസൾട്ടന്റ് റെസ്പിറേറ്ററി മെഡിസിൻ ഡോ. കെ. വേണുഗോപാൽ, നേത്ര വിഭാഗം മേധാവി ഡോ. സുനിത വി.എസ്, മെഡിക്കൽ ഓഫീസർ ഡോ. പ്രവീൺ, എം.എൻ ജില്ലാ ഓപ്താൽമിക് കോഡിനേറ്റർ ജീന ബീഗം, ജെ.എച്ച്.ഐ. എൻ. ജിജോ, പി.ആർ.ഒ ബെന്നി അലോഷ്യസ്, സീനിയർ ഒപ്റ്റോമെട്രിസ്റ്റ് വി. കെ. സുധീഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

കാവ് സംരക്ഷണത്തിനുള്ള ധനസഹായം: വനമിത്ര അവാർഡ് അപേക്ഷാതീയതി ദീർഘിപ്പിച്ചു

ആലപ്പുഴ: വനം വന്യജീവി വകുപ്പ് ജില്ലയിലെ കാവുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും, വനമിത്ര അവാർഡ് പരിഗണിക്കുന്നതിനുമുള്ള അപേക്ഷകൾ നൽകേണ്ട അവസാന തീയതി പത്തിന് വൈകിട്ട് അഞ്ച് വരെ ദീർഘിപ്പിച്ചു. വിവരങ്ങൾക്ക് ആലപ്പുഴ കൊമ്മാടിയിലുള്ള സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 0477 2246034

ബാർബർഷോപ്പ് നവീകരണ ധനസഹായ പദ്ധതി: അവസാന തിയതി നീട്ടി

ആലപ്പുഴ: പിന്നാക്ക വിഭാഗത്തിൽപ്പെട്ട (ഒ.ബി.സി) ബാർബർ ഷോപ്പ്, യൂണിസെക്സ് സലൂൺ തുടങ്ങിയ തൊഴിലുകൾ ചെയ്യുന്നവർക്ക് തൊഴിലിടം ആധുനികവൽകരിക്കു ന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന ബാർബർഷോപ്പ് നവീകരണത്തിന് ധനസഹായം പദ്ധതിക്ക് ഓൺലൈനായി അപേക്ഷ സമർപ്പി ക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 20 വരെ നീട്ടി. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ അധികരിക്കരുത്. 60 വയസ് വരെയു ള്ളവർക്ക് അപേക്ഷിക്കാം. കുറഞ്ഞത് അഞ്ചുവർഷം വരെ പ്രവൃത്തി പരിചയം ഉള്ളവർക്കും, നിലവിൽ ബന്ധപ്പെട്ട തൊഴിൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മുൻഗണന. www.bwin.kerala.gov.in മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ എറണാകുളം മേഖലാ ഓഫീസുമായി ബന്ധപ്പെടാം. ഫോൺ : 0484 2983130.

സൗജന്യ ഫാസ്റ്റ് ഫുഡ്, ബേക്കിങ് പരിശീലനം: അപേക്ഷകൾ ക്ഷണിച്ചു

കലവൂർ: എസ്.ബി.ഐയുടെ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആലപ്പുഴ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് കോംപ്ലക്സിൽ പ്രവർത്തി ക്കുന്ന എസ്.ബി.ഐ ആർ.എസ്.ഇ.ടി.ഐയിൽ 12 ദിവസത്തെ സൗജന്യ ഫാസ്റ്റ് ഫുഡ് ആൻഡ് ബേക്കിങ്ങിൽ പരിശീലനം നൽകുന്നു. 18 നും 49 വയസിനും ഇടയിലുള്ള യുവതി യുവാക്കൾക്കു പങ്കെടുക്കാം. സംരംഭങ്ങൾ തുടങ്ങുന്നതിനെ കുറിച്ചും വിവിധ ലോൺ സ്കീമുകളെക്കുറിച്ചും ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്.

താല്പ ര്യമുള്ളവർ ഏഴിന് രാവിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന എസ്.ബി.ഐ ആർ.എസ്.ഇ.ടി.ഐ യിൽ ഹാജരാകണം. ഫോൺ: 8330011815, 9746487851, 7034350967.

അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി; അവസാന തിയതി നീട്ടി

ആലപ്പുഴ: നീതിന്യായ രംഗത്ത് പിന്നാക്ക വിഭാഗങ്ങളുടെ (ഒ.ബി.സി) മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന അഭിഭാഷക ധനസഹായ പദ്ധതിക്ക് (2026–27) ഓൺലൈൻ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 20 വരെ നീട്ടി. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കരുത്. അപേക്ഷകർ കേരള ബാർ കൗൺസിൽ 2024 ജൂലൈ ഒന്നിനും 2026 ജൂലൈ 31 നും ഇടയിൽ എൻറോൾ ചെയ്ത് സംസ്ഥാനത്തിനകത്തുതന്നെ പ്രക്ടീസ് ചെയ്യുന്നവരാ യിരിക്കണം. www.bwin.kerala.gov.in എന്ന പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ എറണാകുളം മേഖലാ ഓഫീസുമായി ബന്ധപ്പെടാം. ഫോൺ : 0484 2983130.

വികസിത് ഭാരത് ക്വിസ് വിദ്യാർഥികൾക്ക് 30 വരെ അപേക്ഷിക്കാം

ആലപ്പുഴ: കേന്ദ്ര യുവജനക്ഷേമ കായിക മന്ത്രാലയവും മൈ ഭാരത് പോർട്ടലും സംയുക്തമായി സംഘടിപ്പിക്കുന്ന വികസിത് ഭാരത് ക്വിസ് 2026–ലേക്ക് ജില്ലയിലെ വിദ്യാർഥികൾക്ക് അപേക്ഷിക്കാം. ക്വിസിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് 2027 ജനുവരിയിൽ ന്യൂഡൽഹിയിൽ നടക്കുന്ന ദേശീയ യൂത്ത് ഫെസ്റ്റിവലിൽ പങ്കെടു ക്കാനും പ്രധാനമന്ത്രിയുമായി നേരിട്ട് സംവദിക്കാനും അവസരം ലഭിക്കും. ജില്ലയിലെ ബി.ടെക്, ആർട്സ് ആൻഡ് സയൻസ്, പോളിടെക്നിക്, ഐ.ടി.ഐ., ഹയർ സെക്കൻഡറി, വി.എച്ച്.എസ്.ഇ., സി.ബി.എസ്.ഇ സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെ 15 മുതൽ 29 വയസ് വരെ പ്രായമുള്ള വിദ്യാർഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി mybharat.gov.in എന്ന പോർട്ടൽ സന്ദർശിക്കാം. അവസാന തീയതി സെപ്റ്റംബർ 30. ഫോൺ : 0477 2236542.

ഗതാഗതം നിരോധിച്ചു

കുട്ടനാട്: ചമ്പക്കുളം കനാൽ ജെട്ടി പാലം അപ്രോച്ച് റോഡുകളുടെ അറ്റകുറ്റപ്പണികൾ ആരംഭിക്കുന്നതിനാൽ നാളെ മുതൽ പാലത്തിലൂടെയുള്ള ഗതാഗതം നിരോധിച്ചതായി തകഴി പൊതുമരാമത്ത് പാലം വിഭാഗം അസിസ്റ്റന്റ്എൻജിനീയർ അറിയിച്ചു.

‘ദേശീയപാതയിൽ കൂടുതൽ വേഗനിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കണം’

ആലപ്പുഴ: തൃശൂർ കൈപ്പമംഗലം ദേശീയപാതയിൽ ഉണ്ടായ അപകടത്തിന്റെ പശ്ചാത്തലത്തിൽ ജില്ലയിൽ ദേശീയപാതയിലെ അപകട സാധ്യതാമേഖലകൾ കണ്ടെത്തി റിപ്പോർട്ട് ജില്ലാ കലക്ടർക്ക് നൽകാനും കൂടുതൽ വേഗനിയന്ത്രണ സംവിധാനങ്ങൾ ഒരുക്കാനും ജില്ലാ വികസന സമിതിയിൽ പൊതു നിർദേശം. അപകട മേഖലകൾ കണ്ടെത്താൻ ആർ.ടി.ഒയുടെ നേതൃത്വത്തിൽ സംയുക്തപരിശോധനകൾ നടത്തണം. കളർകോട് മുതലുള്ള എൻ.എച്ചിന്റെ മേഖലകളിൽ കൂടുതൽ ദിശാസൂചക ബോർഡുകൾ സ്ഥാപിക്കണം.

വൈ. എം.സി.എ പാലം മുതൽ വഴിച്ചേരി പാലം വരെയുള്ള മേഖലയിലും ട്രാഫിക് ദിശാ സൂചകങ്ങൾ ഏർപ്പെടുത്തണമെന്നും നിർദേശിച്ചുണ്ട്. പൂച്ചാക്കൽ രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ നവീകരണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് ജില്ലാ വികസന സമിതിയിൽ പങ്കെടുത്ത നിയമസഭാ ഡെപ്യൂട്ടി സ്പീക്കറും അരൂർ എം.എൽ.എയുമായ ഷാനിമോൾ ഉസ്മാൻ ആവശ്യപ്പെട്ടു. തുറവൂർ ആശുപത്രിയുടെ വികസനപ്രവർത്തികൾക്കായി തുടർ നടപടികൾ സ്വീകരിക്കും. മാക്കേകടവ്–നേരേകടവ് പാലം നിർമാണം ഉടൻ പൂർത്തിയാകും. നാലുകുളങ്ങര മുതൽ ചെല്ലാനം റോഡ് വരെ പൈപ്പ്ലൈൻ സ്ഥാപിക്കും.

ചേരുംകല- ഹോലാപുരം പ്രദേശത്തെ വെള്ളക്കെട്ട് പരിഹരിക്കാൻ താൽകാലിക സംവിധാനം ഏർപ്പെടുത്തിയതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗത്തിൽ പറഞ്ഞു. വെള്ളം പമ്പ ചെയ്തു നീക്കാൻ സ്ഥിരമായ മോട്ടോർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കും.

അരൂർ ഫയർ സ്റ്റേഷൻ നിർമാണത്തിന് സാങ്കേതിക അനുമതി ലഭ്യമാകുന്ന പ്രക്രിയ വേഗത്തിലാക്കും. അരൂർ മണ്ഡലത്തിലെ പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നതിന്റെ ഭാഗമായി അവയുടെ വിസ്തീർണം അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും ഡെപ്യൂട്ടി സ്പീക്കർ ആവശ്യപ്പെട്ടു. ദേശീയപാത മേഖലയിലെ ആറാട്ടുവഴി-കൊമ്മാടി പ്രദേശത്തെ വെള്ളക്കെട്ട്പ്രശ്ന പരിഹാരത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ആലപ്പുഴ എം.എൽ.എ എ.ഡി. തോമസ് ആവശ്യപ്പെട്ടു. മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ താൽക്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഹൗസ്ബോട്ടുകളിലെ സെപ്റ്റിക് ടാങ്ക് മാലിന്യം കൈകാര്യം ചെയ്യുന്നതിന് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന നടപടികൾ വേഗത്തിലാക്കാൻ എം.എൽ.എ ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ആലപ്പുഴ എ.ബി.സി. കേന്ദ്രത്തിന്റെ നവീകരണപ്രവർത്തികൾ വേഗത്തിലാക്കണമെന്നും എം.എൽ.എ പറഞ്ഞു.

കായംകുളം സർക്കാർ ഗേൾസ് ഹൈസ്കൂൾ കെട്ടിടംനിർമാണപ്രവർത്തികൾ വേഗത്തിലാക്കണമെന്നു എക്സൈസ് മന്ത്രി എം.ലിജുവിന്റെ പ്രതിനിധി അഡ്വ. യു.മുഹമ്മദ് ആവശ്യപ്പെട്ടു. മുതുകുളം ബ്ലോക്കിലെ തെരുവുനായ ശല്യം പരിഹരിക്കാൻ അടിയന്തരമായി എ.ബി.സി സെന്റർ സ്ഥാപിക്കാൻ തുടർനടപടികൾ സ്വീകരിക്കണം. കായംകുളത്ത് പുതിയ കെ.എസ്. ആർ.ടി.സി. ടെർമിനലിന്റെ നിർമാണപ്രവർത്തികൾ വേഗത്തിലാക്കാനും മണ്ഡലത്തിലെ വിവിധ റോഡുകളുടെ നിർമാണ പ്രവർത്തികൾ ഉടൻ ആരംഭിക്കാനും യോഗത്തിൽ ആവശ്യപ്പെട്ടു. കുട്ടനാട്ടിൽ രണ്ടാം കൃഷി നടക്കാത്ത പാടശേഖരങ്ങളിലെ നിയന്ത്രിത പമ്പിങ് സംബന്ധിച്ച തുടർനടപടികൾ വേഗത്തിലാക്കാൻ യോഗത്തിൽ പങ്കെടുത്ത കുട്ടനാട് എം.എൽ.എ. റെജി ചെറിയാൻ ആവശ്യപ്പെട്ടു. കുട്ടനാട്ടിലെ വിവിധ അംബേദ്കർ നഗറുകളിലെ റോഡ് പുനരുദ്ധാരണം അടിയന്തിരമായി പൂർത്തിയാക്കണം.

കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുഴിച്ച റോഡുകളും പൂർവസ്ഥിതിയിലാക്കണം. തകഴി ഫയർ സ്റ്റേഷൻ നിർമാണത്തിന്റെ പശ്ചാത്തല പ്രവർത്തനങ്ങൾ പൂർത്തിയാക്കണം. കുട്ടനാട്ടിലെ വിവിധ സ്കൂൾ കോമ്പൗണ്ടുകളിലെ വെള്ളക്കെട്ട് പ്രശ്നം ഉടനടി പരിഹരിക്കണമെന്നും എം.എൽ.എ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ദേശീയപാത മേഖലയിലെ സ്ഥിരം വെള്ളക്കെട്ട് പ്രശ്നബാധിതയിടങ്ങൾ കണ്ടെത്തി അറ്റകുറ്റപണികൾ നടത്തണമെന്നു ചേർത്തല എം. എൽ.എ പി. പ്രസാദ് പറഞ്ഞു.

പല സ്ഥലങ്ങളിലും സൂചക ബോർഡുകൾ സ്ഥാപിക്കാത്തത് അപകടസാധ്യത വർധിപ്പിക്കുന്നു. ഒറ്റമശേരി മേഖലയിലെ കടൽഭിത്തിയുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടു. അർത്തുങ്കൽ ബൈപാസിൽ കൂടി വെള്ളച്ചോർച്ച പരിഹരിക്കാൻ അറ്റകുറ്റപ്പണി നടത്തണം. ചേർത്തല ഇരുമ്പുപാലം നിർമാണത്തിനായി സ്ഥലമേറ്റെടുപ്പ് നടപടികൾ വേഗത്തിലാക്കണമെന്നും എം.എൽ.എ. ആവശ്യപ്പെട്ടു.

ആലപ്പുഴ മെഗാ ടൂറിസം പദ്ധതികളുടെ ഭാഗമായി നിർമിച്ച ഹൗസ് ബോട്ട് ടെർമിനൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി സ്വീകരിക്കണമെന്ന് കെ.സി. വേണുഗോപാൽ എം.പിയുടെ പ്രതിനിധി എ.എ. ഷുക്കൂർ യോഗത്തിൽ ആവശ്യപ്പെട്ടു. പുന്നപ്ര തെക്ക് ഒന്നാം വാർഡിൽ കടലാക്രമണം തടയാൻ ജിയോ ബാഗുകൾ സ്ഥാപിക്കണം.

തങ്കി കവലയ്ക്ക് പടിഞ്ഞാറുഭാഗത്ത് പൊതു ജനങ്ങൾക്ക് അനുകൂലമായ സ്ഥലത്ത് റെയിൽവേ ഗേറ്റ് നിർമിക്കണമെന്നും എം.പിയുടെ പ്രതിനിധി ആവശ്യപ്പെട്ടു.

ജില്ലാ കലക്ടർ ഷാജി വി നായർ അധ്യക്ഷനായി. ജില്ലാ പ്ലാനിങ് ഓഫീസർ ദീപ ശിവദാസൻ, സബ് കലക്ടർ ഡോ സി. ശക്തിവേൽ, എ.ഡി.എം. സി. പ്രേംജി, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

● പകൽ ടാറിങ്: തണ്ണീർമുക്കം ബണ്ട് റോഡിൽ യാത്രക്കാർ വലയുന്നു

● ആംബുലൻസുകൾ ഉൾപ്പടെയുള്ള വാഹനങ്ങൾക്ക് യാത്രാതടസം

● രാത്രിസമയത്ത് ടാറിങ് നടത്തണമെന്ന് ആവശ്യം

ചേർത്തല: തണ്ണീർമുക്കം ബണ്ട് റോഡിലെ അറ്റകുറ്റപ്പണികൾ യാത്രക്കാരെ വലയ്ക്കുന്നു. മണിക്കൂറുകളോളം റോഡിൽ ഗതാഗതം തടസപ്പെടുന്നതായാണ് യാത്രക്കാർ ഉയർത്തുന്ന വിമർശനം. രോഗികളുമായെത്തുന്ന ആംബുലൻസുകൾ പോലും ഗതാഗത കുരുക്കിൽപെടുന്ന സ്ഥിതിയാണ്. ആലപ്പുഴ, കോട്ടയം ജില്ലകളെ ബന്ധിപ്പിക്കുന്ന ബണ്ടിലൂടെ ഇടതടവില്ലാതെയാണ് വിവിധ ഭാഗങ്ങളിലേക്കുള്ള വാഹനങ്ങൾ കടന്നു പോകുന്നത്.

പടിഞ്ഞാറൻ മേഖലയിൽ കഴിയുന്നവർ കോട്ടയത്ത് എത്താൻ ആശ്രയിക്കുന്ന പ്രധാന വഴിയും ഇതാണ്. കോട്ടയം മെഡിക്കൽ കോളജ് അടക്കമുള്ള പ്രധാന ആശുപത്രികളിലേക്ക് പോകുന്നവർ സഞ്ചരിക്കുന്നതും ഇതുവഴിയാണ്.

ചേർത്തല ഗവ. താലൂക്കാശുപത്രി, നഗരത്തിലെ സ്വകാര്യ ആശുപത്രികൾ, തുറവൂർ സർക്കാർ ആശുപത്രി എന്നിവിടങ്ങളിൽ നിന്ന് വിദഗ്ധ ചികിൽസക്കായി കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലേക്കും മറ്റ് പ്രമുഖ സ്വകാര്യ ആശുപത്രികളിലേക്കും റഫർ ചെയ്യുന്ന രോഗികളെ യഥാസമയം എത്തിക്കുന്നതിന് രോഗികളുടെ ബന്ധുക്കളടക്കം ക്ലേശിക്കുന്ന സ്ഥിതിയാണ്. ബണ്ടിന്റെ ഇരുകരകളായ തണ്ണീർമുക്കം, വെച്ചൂർ എന്നിവിടങ്ങളിൽ ഏറെനേരം തടഞ്ഞിട്ടശേഷം ഒരു നിരയായാണ് വാഹനങ്ങൾ കടത്തിവിടുന്നത്. ഇതിനിടിയിൽ രോഗികളുമായെത്തുന്ന വാഹനങ്ങൾ പെട്ടാൽ മുന്നോട്ടും പിന്നോട്ടും നീങ്ങാൻ കഴിയാത്ത അവസ്ഥയാണ്. ഇത്തരം പ്രതിസന്ധികൾ പരിഹരിക്കാൻ അധികാരികൾ നടപടി സ്വീകരിക്കണമെന്നും രോഗി കളുമായി എത്തുന്ന വാഹനങ്ങൾ യഥാസമയം കടത്തിവിടാൻ സംവിധാനം ഒരുക്കണമെന്നും ആവശ്യം ശക്തമായിട്ടുണ്ട്. പൂർണമായി തകർന്ന റോഡിലെ കുഴികൾ താൽക്കാലികമായി അടച്ച് ഗതാഗത യോഗ്യമാക്കുന്ന ജോലികൾ ദിവസങ്ങൾക്ക് മുൻപാണ് ആരംഭിച്ചത്. റോഡിന്റെ തകർച്ച യാത്രക്കാരെയടക്കം

വലയ്ക്കുന്നതായി വ്യാപക പരാതി ഉയർന്നതിനെ തുടർന്ന് മന്ത്രി മോൻസ് ജോസഫ്, എം.എൽ.എ മാരായ പി. പ്രസാദ്, കെ.ബിനിമോൻ എന്നിവരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ബണ്ട് സന്ദർശിച്ചശേഷമാണ് അറ്റകുറ്റപണികൾ ആരംഭിച്ചത്. ഏതാനും ദിവസങ്ങൾ കൊണ്ട് കുഴികളടച്ച് റോഡ് താൽക്കാലികമായി ഗതാഗതയോഗ്യ മാക്കാനും മഴ മാറിയശേഷം റോഡിൽ ബിറ്റുമിനസ് കോൺക്രീറ്റ് വിരിക്കുന്ന ജോലികൾ ആരംഭിക്കാനുമാണ് തിരുമാനം. ബണ്ടിലെ റോഡിന്റെ പുനർനിർമാണത്തിനായി 1.4 കോടി രൂപയും തകർന്ന കൈവരികൾ പുനർ നിർമി ക്കുന്നതിനും മറ്റു ജോലികൾക്കുമായി 1.38 കോടി രൂപയും അനുവദിച്ചിരുന്നു.

NOTICE

This notice is hereby given that Mrs.Rajalekshmi K R, W/o.Harikuttan G, Ammini Bhavanam, Erezha North, Chettikulangara PO-690106, Alappuzha intend to avail loan by mortgaging 02.00 Ares in Re.Sy.no.453/10/old Sy.no.183/1A. in block no.011 who got the same by virtue of Settlement Deed no.873/1/2026 dated 05.06.2026 of SRO Mavelikkara. But the prior Sale Deed no.2046/1993 dated 05.08.1993 is lost irrecoverably and they have produced the certified copy of the same. Any person including the financial institutions, banks, having custody or possession of the above mentioned Sale Deed or having any claim or interest in or to the said property or any part thereof by way of sale mortgage, gift trust, inheritance, lease, lien or otherwise are required to intimate their claim to the Canara Bank, Barnch-2 Mavelikkara 10days from the date of thereof, as otherwise the said mortgage will be completed without any reference or regards, any such claim after the above date will not be considered.

MANAGER
Canara Bank, Branch-2
Mavelikkara.

Date :06.09.2026
Place: Mavelikkara

കണ്ണാട്ട് ഫിൻവെസ്റ്റ് നിധി ലിമിറ്റഡ്

രജിസ്റ്റേർഡ് ഓഫീസ്: കണ്ണാട്ട് തെക്കേതിൽ ബിൽഡിംഗ്
എഴിയ്ക്കകത്ത് ജംഗ്ഷൻ, ഹരിപ്പാട് പി.ഒ., ആലപ്പുഴ–690 514
ഫോൺ: 0479–2412566
ഇ–മെയിൽ: kannattufinhpd@gmail.com
CIN: U67190KL2019PLN059701

കണ്ണാട്ട് ഫിൻവെസ്റ്റ് നിധി ലിമിറ്റഡിന്റെ ഓഹരി ഉടമകളുടെ ഏഴാമത് വാർഷിക പൊതുയോഗം 2026 സെപ്റ്റംബർ 30–ന് രാവിലെ 11 മണിക്ക് കമ്പനിയുടെ രജിസ്റ്റേർഡ് ഓഫീസ്: കണ്ണാട്ട് തെക്കേതിൽ ബിൽഡിംഗ്, എഴിയ്ക്കകത്ത് ജംഗ്ഷൻ, ഹരിപ്പാട് പി.ഒ., ആലപ്പുഴ–690 514 ൽ വച്ച് നടക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. 2025–2026 സാമ്പത്തിക വർഷത്തിന്റെ ലാഭനഷ്ട കണക്കുകളും ബാക്കിപത്രവും ഡയറക്ടർമാരുടെയും ഓഡിറ്റർമാരുടെയും റിപ്പോർട്ടുകളും കമ്പനിയുടെ രജിസ്റ്റേർഡ് ഓഫീസിൽ പരിശോധനയ്ക്ക് ലഭ്യമായിരിക്കും. മാന്യ അംഗങ്ങളുടെ വോട്ടവകാശം നേരിട്ടോ പ്രോക്സി മുഖേനയോ രേഖപ്പെടുത്താവുന്നതാണ്.
മേൽപറഞ്ഞ കാര്യങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി/വ്യക്തതയ്ക്കായി അംഗങ്ങൾക്ക് കമ്പനിയുടെ ഇ–മെയിൽ വിലാസമായ kannattufinhpd@gmail.com-ലേക്കോ അല്ലെങ്കിൽ 0479–2412566 എന്ന ഫോൺ നമ്പരിലേക്കോ ബന്ധപ്പെടാവുന്നതാണ്.

ബോർഡിന്റെ ഉത്തരവുപ്രകാരം
കണ്ണാട്ട് ഫിൻവെസ്റ്റ് നിധി ലിമിറ്റഡിനു വേണ്ടി
ഡെറിൻ മാത്യു (ഒപ്പ്)
മാനേജിംഗ് ഡയറക്ടർ
ഡിൻ: 08569079

ഹരിപ്പാട്
02.09.2026

പല്ലന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം DF (A) 66/92

പല്ലന പി.ഒ., ആലപ്പുഴ

തീയതി: 5.9.26

പൊതുയോഗ നോട്ടീസ്

പല്ലന F.D.W.C.S. DF (A) 66/92-ാം നമ്പർ സംഘത്തിന്റെ 2026–2027 സാമ്പത്തിക വർഷത്തെ വാർഷിക പൊതുയോഗം 20.9.2026 ഞായറാഴ്ച രാവിലെ 11 മണിക്ക് സംഘം പ്രസിഡന്റ് ശ്രീ. അജിതന്റെ അധ്യക്ഷതയിൽ സംഘം ഓഫീസിൽ വെച്ച് കൂടുന്നതിന് എല്ലാ അംഗങ്ങളും കൃത്യസമയത്ത് ഹാജരാകണമെന്ന് അറിയിക്കുന്നു. പൊതുയോഗ തീരുമാനങ്ങളും അജണ്ടയും സംഘം ഓഫീസിൽ നിന്നും 11.9.26 മുതൽ ആവശ്യമുള്ള അംഗങ്ങൾക്ക് ലഭ്യമായിരിക്കും.

സ്ഥലം: പല്ലന
തീയതി: 5.9.26

ആജ്ഞാനുസരണം
(ഒപ്പ്) സെക്രട്ടറി

UJJIVAN SMALL FINANCE BANK

Registered Office: Grape Garden, No.27, 3rd "A" Cross, 18th Main, 6th Block, Koramangala, Bengaluru – 5600095, Karnataka.
Branch Office: Gr Floor, St Marys Church Building 12/31D, Thoppumpady, Palluruthy, Kochi, Kerala 682006

ഇ - ലേലവിൽപന അറിയിപ്പ്

[illegible]

[illegible]	(i) 13 - 2 നോട്ടീസ് തീയതി ഡിമാൻഡ് തുക (ii) കൈവശപ്പെടുത്തിയ തീയതി	നിലവിലെ കുടിശ്ശിക ബാലൻസ്	റിസർവ് പ്രൈസ് INR-ൽ	[illegible] INR-ൽ
1194210170000041 / 1. ശ്രീമതി. [illegible] 2. ശ്രീ. [illegible] 3. ശ്രീമതി. [illegible]	(i) 27.05.2025 & ₹ 12,69,597/- [illegible] (ii) [illegible]	₹ 16,98,363.61 (Rupees [illegible]	₹ 13,80,000/- [illegible]	₹ 1,38,000/- [illegible]

[illegible] 10/1824 [illegible] 1.72 [illegible] 10/1834 [illegible] 5.67 [illegible] 7.39 [illegible] (18.2533 [illegible])

ഇ–ലേല തീയതിയും സമയവും : 14.10.2026 രാവിലെ 11.00 മുതൽ ഉച്ചയ്ക്ക് 12.00 വരെ

ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി	സ്വത്ത് പരിശോധിക്കാവുന്ന തീയതിയും സമയവും
13.10.2026 [illegible]	12.10.2026, രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 മണി വരെ

കൂടുതൽ വിവരങ്ങൾക്ക് ബാങ്ക് അംഗീകൃത ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുക :
ശ്രീ. [illegible] – 95009 96689 / ശ്രീ. [illegible] – 7845192961

[illegible] M/s.C1 India PVT LTD [illegible] https://www.bankeauctions.com [illegible] https://www.ujjivansfb.in/e-auctions [illegible] https://www.bankeauctions.com [illegible]
https://www.ujjivansfb.in/e-auctions / https://www.bankeauctions.com

തീയതി: 06.09.2026

(Sd/-)
[illegible]
ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ്